പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3009

28.01.2014-ൽ മറുപടി നൽകേണ്ടത്

## ആലപ്പുഴ ജില്ലയിൽ സീറോ ലാന്റ്‌ലെസ് പദ്ധതി പ്രകാരം ഭൂമി ലഭിച്ചവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്ന സർക്കാരിന്റെ സീറോ ലാന്റ്‌ലെസ് പദ്ധതികളുടെ ഉദ്ഘാടന പരിപാടിക്ക് ആലപ്പുഴ ജില്ലയിൽ നിന്നും എത്ര പേർ തിരുവനന്തപുരത്ത് എത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരിപാടിക്ക് ആലപ്പുഴ ജില്ലയിൽ നിന്നും ആളുകളെ പങ്കെടുക്കുവാൻ എത്ര തുക ചെലവായി; പ്രസ്തുത പരിപാടിയിൽ സംസ്ഥാനത്തെ എത്ര അർഹരായ ഭൂരഹിതർക്ക് സർക്കാർ പട്ടയവും ഭൂമിയും നൽകി; ആലപ്പുഴ ജില്ലയിലെ എത്ര പേർക്കാണ് പട്ടയവും ഭൂമിയും ലഭിച്ചത്; വിശദമാക്കാമോ? | തിരുവനന്തപുരത്ത് വച്ച് 30.09.2013- ൽ നടന്ന 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' -ന്റെ ഉദ്ഘാടന പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ നിന്ന് 470 പേരെ പങ്കെടുപ്പിച്ചിരുന്നു. ഭാര്യയുടെയും ഭർത്താവിന്റെയും ജോയിന്റ് പേരിലുള്ള പട്ടയങ്ങളാണ് നൽകുന്നത്. പ്രസ്തുത പരിപാടിയിലേയ്ക്ക് ആളുകളെ പങ്കെടുപ്പിക്കുന്നതിനായി 1,87,688 രൂപ ചെലവായിട്ടുണ്ട്. സമൂഹത്തിലെ പാവപ്പെട്ടവരായ ജനങ്ങളായതിനാൽ അവർക്ക് വാഹന സൗകര്യവും ഭക്ഷണവും നൽകുന്നതിനും മറ്റുമായിട്ടാണ് തുക ചെലവായത്. പ്രസ്തുത പരിപാടിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ആറ് ജില്ലകളിലായി 7384 പട്ടയങ്ങൾ വിതരണം ചെയ്തിരുന്നു. ഉദ്ഘാടന പരിപാടിയിൽ വിതരണം ചെയ്യാൻ ആലപ്പുഴ ജില്ലയിൽ നിന്ന് 256 പട്ടയം തയ്യാറാക്കിയിരുന്നു. അതിൽപ്പെട്ട 188 പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. 10 പേർ അനധികൃത കൈവശഭൂമി വിട്ടൊഴിയാൻ താൽപ്പര്യമില്ലാത്തതിനാൽ കൈപ്പറ്റിയിട്ടില്ല. കോടതി കേസുകളും മറ്റ് കാരണങ്ങളാലും 58 പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ